## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2041 — 19.06.2012-ലെ മറുപടിയ്ക്ക്

### 'സസ്നേഹം' പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>,, വി. റ്റി. ബൽറാം<br>,, ലൂഡി ലൂയിസ്<br>,, സണ്ണി ജോസഫ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) 'സസ്നേഹം' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; പദ്ധതിയുടെ പ്രവർത്തനം സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കും, അവരുടെ രക്ഷിതാക്കൾക്കും ആശ്വാസമേകുന്നതിനു വേണ്ടി മികച്ച ബ്രാൻഡിലുള്ള പഠനോപകരണങ്ങൾ കിറ്റുകളിലാക്കി വിതരണം ചെയ്യുന്നതിനു വേണ്ടി 2012 സ്കൂൾ സീസണു മുന്നോടിയായി മാർച്ച് മുതൽ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് 'സസ്നേഹം പദ്ധതി'. വിദ്യാർത്ഥികൾക്കാവശ്യമായ മികച്ച ബ്രാൻഡിലുള്ള സ്കൂൾ ബാഗ്, കുട, വാട്ടർ ബോട്ടിൽ, നോട്ട് ബുക്കുകൾ മറ്റ് പഠനോപകരണങ്ങൾ എന്നിവ ഉൾപ്പെടെ ഒരു വിദ്യാർത്ഥിക്ക് ഒരു അദ്ധ്യയന വർഷത്തിൽ ആവശ്യമായ എല്ലാ സാധനങ്ങളും ഒരു കിറ്റിൽ ഉൾപ്പെടുത്തി മിതമായ വിലയ്ക്ക് ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. എൽ.പി. സ്കൂൾ വിദ്യാർത്ഥികൾക്കായി 'സസ്നേഹം-കിളിക്കൂട്' എന്ന പേരിലും, യു.പി./ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി 'സസ്നേഹം - സ്വപ്നക്കൂട്' എന്ന പേരിലുമാണ് ഈ പദ്ധതി നടപ്പാക്കുന്നത്. 'സസ്നേഹം-കിളിക്കൂട്' കിറ്റിൽ 690 രൂപ എം.ആർ.പി.യുള്ള 21 |

| | | | |
|---|---|---|---|
| | | | ഇനം പഠനോപകരണങ്ങൾ 600 രൂപയ്ക്കും, 'സസ്നേഹം-സ്വപ്നക്കൂട്' കിറ്റിൽ 839 രൂപ എം.ആർ.പി.യുള്ള 16 ഇനം പഠനോപകരണങ്ങൾ 750 രൂപയ്ക്കും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നു. |
| (ബി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; | (ബി) | കൺസ്യൂമർ ഫെഡറേഷൻ നേരിട്ടാണ് ഈ പദ്ധതി നടപ്പാക്കുന്നത്. |
| (സി) | സംസ്ഥാനത്ത് മുഴുവനും ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്ത് മുഴുവനും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ